പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1496 — 06-03-2017-ലെ മറുപടിയ്ക്ക്

## കാർഷിക വികസന പദ്ധതികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ<br>ശ്രീ. കെ.വി.വിജയദാസ്<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ. എം.രാജഗോപാലൻ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |

(എ) കേന്ദ്ര സർക്കാർ നയത്തിന്റെ ഫലമായി രാജ്യത്താകെ കർഷക ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ, സംസ്ഥാനത്ത് മുൻ സർക്കാരിന്റെ കാലഘട്ടത്തിൽ സംഭവിച്ചതുപോലെ കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കാൻ, കാർഷിക രംഗത്ത് വികസന പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കാമോ;

(എ) സംസ്ഥാനത്ത് കർഷക ആത്മഹത്യകൾ ആവർത്തിക്കാതിരിക്കുവാനും, കൃഷി ചെയ്യുന്ന കർഷകർക്കു ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും കൃഷി ലാഭകരമായി നടത്തുവാനുമുള്ള എല്ലാ നടപടികളും സർക്കാർ ആരംഭിച്ചു കഴിഞ്ഞിട്ടുണ്ട്. ഇതിനായി മുൻ കാലങ്ങളിൽ നിന്നും വ്യത്യസ്തമായി കാർഷിക മേഖലയിൽ വളരെ മുന്തിയ പരിഗണനയാണ് പുതിയ ബഡ്ജറ്റിൽ സർക്കാർ നൽകിയിട്ടുള്ളത്.

1) 2016 ജൂൺ മാസം മുതൽ കേരളത്തിലെ എല്ലാ കർഷകർക്കും പ്രതിമാസം 1000/- രൂപ കർഷക പെൻഷൻ അനുവദിച്ചു.

2) പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് വയനാട് ജില്ലയ്ക്കു മാത്രമായി 27 കോടി രൂപയും മറ്റു ജില്ലകൾക്ക് 25 കോടി രൂപയും കൃഷി വകുപ്പ് അനുവദിച്ചു.

3) പ്രകൃതിക്ഷോഭം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് കഴിഞ്ഞ സർക്കാർ 2012-2016 വരെ കുടിശ്ശിക ആക്കിയിരുന്ന 116.53 കോടി രൂപയിൽ 77.09 കോടി രൂപ ഇതിനകം കർഷകർക്ക് നൽകിയിട്ടുണ്ട്.

4) വിപണി ഇടപെടലിന്റെ ഭാഗമായി വിശേഷാവസരങ്ങളിൽ കർഷകരുടെ ഉത്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്നതിനായി പ്രാദേശിക തലത്തിൽ ഉല്പന്നങ്ങൾ നേരിട്ട്

സംഭരിക്കുകയും ഹോർട്ടികോർപ്പ് വഴി ന്യായ വിലക്ക് വിപണനം നടത്തുകയും ചെയ്യുവരുന്നു.

5) നെല്ലിന്റെ സംഭരണ വില 22.50 രൂപയായി ഉയർത്തി നിശ്ചയിച്ചു

6) കാർഷിക വായ്പകൾക്ക് തിരിച്ചടവിന് മോറട്ടോറിയം പ്രഖ്യാപിച്ചു.

7) പച്ചതേങ്ങ സംഭരണത്തിന് കുടിശ്ശിക ഉണ്ടായിരുന്ന മുഴുവൻ തുകയും കർഷകർക്ക് നൽകി. ഇതിനായി 50 കോടി രൂപ സർക്കാർ കേരഫെഡിന് നൽകി.

8) അടുത്ത സാമ്പത്തിക വർഷം മുതൽ ഓരോ തനത് വിളകളെയും അടിസ്ഥാനപ്പെടുത്തി പ്രത്യേക കാർഷിക സോണായി ക്രമീകരിച്ച് വിത്ത് മുതൽ വിപണി വരെയുള്ള സൗകര്യങ്ങൾ ഉറപ്പാക്കുന്നതിനും തനത് കാർഷിക ഉല്പന്നങ്ങൾ പ്രത്യേക ബ്രാന്റായി ദേശീയ അന്തർദേശീയ വിപണികളിൽ എത്തിക്കുവാനും വിഭാവനം ചെയ്യുന്നുണ്ട്. ഇതോടൊപ്പം പഞ്ചായത്ത് തലത്തിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ ആരംഭിക്കുവാനും ലക്ഷ്യമിടുന്നുണ്ട്.

| | | | |
|---|---|---|---|
| (ബി) | നോട്ടുനിരോധനം ഉൾപ്പെടെയുള്ള കേന്ദ്രസർക്കാരിന്റെ നയങ്ങൾകൊണ്ട് കടക്കെണിയിലായ കർഷകരുടെ വായ്പാ പലിശ ഇളവു ചെയ്യുന്ന കാര്യം പരിഗണിക്കുമോ; | (ബി) | ഇപ്പോൾ പരിഗണനയിലില്ല എന്നാൽ നവംബർ - ഡിസംബർ മാസങ്ങളിൽ കർഷകരുടെ ലോണുകൾക്ക് മോറട്ടോറിയം പ്രഖ്യാപിച്ചിരുന്നു. |
| (സി) | കാർഷിക മേഖലയിലെ വരുമാനം ഉറപ്പാക്കൽ, കാർഷിക വികസന നയത്തിൽ ഉൾപ്പെടുത്തി പ്രാവർത്തികമാക്കാൻ നടപടിയെടുക്കുമോ? | (സി) | കാർഷിക മേഖലയിലെ സമഗ്ര വികസനം ലക്ഷ്യമാക്കിയിട്ടുള്ള നയമാണ് അംഗീകരിയ്ക്കപ്പെട്ടിട്ടുള്ളത്. പ്രസ്തുത നയത്തിൽ കർഷകരുടെ വരുമാന വർദ്ധനവ് ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ